"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - സി.ഡി.എസ്. ചെയർപേഴ്സൺ ഒഴികെയുള്ള സിഡിഎസ് അംഗങ്ങൾക്ക് 2022 ജനുവരി മാസം മുതൽ യാത്രാബത്തയായി പ്രതിമാസം 500/- രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(കൈ) നം.166/2024/LSGD തീയതി,തിരുവനന്തപുരം, 29-11-2024

---

പരാമർശം:-

1. ബഹു.ധനകാര്യ മന്ത്രിയുടെ 15.01.2021 -ലെ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 307.
2. 13/12/2021 -ൽ നടന്ന ഗവേണിംഗ് ബോഡി യോഗ അജണ്ട നം.8 തീരുമാനം
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 18/03/2022 തീയതിയിലെ 1015/M1/2022/KSHO നം. കത്ത്.

**ഉത്തരവ്**

ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ 15.01.2021 -ലെ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 307 പ്രകാരം കുടുംബശ്രീ സിഡിഎസ് അംഗങ്ങൾക്ക് 2022 ജനുവരി മാസം മുതൽ യാത്രാബത്തയായി പ്രതിമാസം 500/- രൂപ അനുവദിക്കുന്നതായി പ്രഖ്യാപിച്ചിരുന്നു.

2. 13/12/2021 -ൽ നടന്ന കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗ അജണ്ട നം.8 തീരുമാനം പ്രകാരം പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന സിഡിഎസ് അംഗങ്ങൾക്ക് 2022 ജനുവരി മാസം മുതൽ യാത്രാബത്തയായി പ്രതിമാസം 500/- രൂപ അനുവദിക്കാൻ കുടുംബശ്രീ ഗവേണിംഗ് ബോഡി അനുമതി നല്കിയിട്ടുള്ളതായും നിലവിൽ സംസ്ഥാനത്തൊട്ടാകെ 19437 സി.ഡി.എസ്. അംഗങ്ങളാണുള്ളത് എന്നും സി.ഡി.എസ്. അംഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന സി.ഡി.എസ്. ചെയർപേഴ്സൺമാർക്കു പ്രതിമാസം 8000/- രൂപ ഓണറേറിയം ഇനത്തിൽ ലഭ്യമാകുന്നതായും, അതുകൊണ്ട് സി.ഡി.എസ്. ചെയർപേഴ്സൺ ഒഴികെയുള്ള സി.ഡി.എസ് അംഗങ്ങളായ 18367 പേർക്ക് 2022 ജനുവരി മാസം മുതൽ യാത്രാബത്തയായി പ്രതിമാസം 500/- രൂപ അനുവദിച്ചു നൽകണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ മിഷനിൽ സി.ഡി.എസ്. ചെയർപേഴ്സൺ ഒഴികെയുള്ള സിഡിഎസ് അംഗങ്ങൾക്ക് 2022 ജനുവരി മാസം മുതൽ യാത്രാബത്തയായി പ്രതിമാസം 500/- രൂപ (രൂപ അഞ്ഞൂറ് മാത്രം) അനുവദിക്കുന്നതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നല്കിയും പ്രസ്തുത തുക കുടുംബശ്രീയുടെ പ്ലാൻ/പ്രോഗ്രാം ഫണ്ടിലെ 'അഡ്മിനിസ്ട്രേറ്റീവ് & ഓഫീസ് എക്സ്പെൻസ്'

ഘടകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി

സ്പെഷ്യൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്.
പൊതുഭരണ (എസ്. സി) വകുപ്പ്. (ഐറ്റം നം. )
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/182/2022-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 29-11-2024 12:23:14

സെക്ഷൻ ഓഫീസർ